**പതിനാലാം കേരള നിയമസഭ**
**പത്താംസമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നം. 557** **27.03.2018 ൽ മറുപടിയ്ക്ക്**

# വികേന്ദ്രീകൃതാസൂത്രണത്തിൽ സാങ്കേതികവിദ്യയുടെ പ്രയോഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീ. എസ്. രാജേന്ദ്രൻ** | **ഡോ. കെ. ടി. ജലീൽ**<br>**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) വികേന്ദ്രീകൃതാസൂത്രണത്തിലും പ്രാദേശിക ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സാങ്കേതിക വിദ്യയുടെ പ്രയോഗം വിപുലപ്പെടുത്തുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ)<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തരം സേവനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ 13 ഓളം ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.<br>• തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കേന്ദ്ര ബിന്ദുവാക്കുകയും വിപുലമായ ഉപഭോക്തൃ പങ്കാളിത്തത്തോടെ സോഫ്റ്റ് വെയർ തയ്യാറാക്കുകയും, സാങ്കേതിക വിദ്യയിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.<br>• ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും, ജീവനക്കാർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള മുഴുവൻ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ഉദ്ദേശത്തോടെ ERP Solution സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഐ.കെ.എം തയ്യാറാക്കി വരുകയാണ് |

ബി) ഗ്രാമപഞ്ചായത്തുകളെയും നഗര സഭകളെയും സ്മാർട്ടാക്കാനായി ഇൻഫർമേഷൻ കേരള മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

ബി)

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനുകളും സ്വന്തം അസ്തിത്വത്തിലാണ് നിലകൊള്ളുന്നത്. ഇങ്ങനെ വ്യത്യസ്തമായ അസ്തിത്വമുള്ള വിവിധ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന **ERP Solution** സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ച് വരുകയാണ്. പുതുതായി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന **ERP (Enterprise Resource Plan)** ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യ ക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ ഡൊമൈൻ, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിച്ചു. ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വികസനം പുരോഗമിച്ചു വരുകയാണ്.
- ഗ്രാമസഭാ പ്രവർത്തനങ്ങൾ പരമാവധി ജനകീയമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഗ്രാമസഭാ പോർട്ടൽ എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി വരുകയാണ്.
- നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങളും, സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളും ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട്

പൗരസേവനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുന്നോട്ട് വയ്ക്കുന്ന നൂതന ആശയമാണ് ഡിജിറ്റൽ പഞ്ചായത്ത് / ഡിജിറ്റൽ മുനിസിപ്പാലിറ്റി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഡിജിറ്റൽ പഞ്ചായത്ത് / ഡിജിറ്റൽ മുനിസിപ്പാലിറ്റി പദ്ധതി നടപ്പിലാക്കി കൊണ്ട് ജനങ്ങളുടെ വീട്ട് പടിക്കൽ സേവനങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

സി) ചെറിയ ആവശ്യങ്ങൾക്കുപോലും തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകളിൽ പലതവണ കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും സേവനങ്ങൾ ഓൺലൈൻ ആക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഓൺ ലൈൻ സേവനങ്ങൾ താഴെ ചേർക്കുന്നു.

- ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ
- കോമൺ മേരേജ് ഇ-ഫയലിംഗ് സംവിധാനം
- വസ്തു നികുതി (ഇ-പെയ്മെന്റ്)
- ഉടമസ്ഥാവകാശ സാക്ഷ്യ പത്രം
- സാമൂഹ്യ സുരക്ഷ പെൻഷനുകൾ
- കെട്ടിട നിർമ്മാണ പെർമിറ്റ്
- പുതുതായി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന **ERP (Enterprise Resource Plan)** ആപ്ലിക്കേഷൻ വിന്യസിക്കുന്നതോടുകൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി നൽകുവാൻ സാധിക്കും.

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

വിവര സംവേദന സാങ്കേതിക വിദ്യയിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ശാക്തീകരിച്ച് ഇ- ഗവേണൻസ് പരിപാടികൾ നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയാണ് ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) രൂപീകരിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ രാജ്യത്തെ ഏറ്റവും പുരോഗമനപരമായതും വൈപുല്യവുമാർന്ന ഇ-ഗവേണൻസ് പരിപാടി കളാണ് നടപ്പാക്കി വരുന്നത്. ഈ കാലയളവിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാർഡ് വെയർ വിന്യാസം, നെറ്റ് വർക്കിംഗ് എന്നിവ പൂർത്തിയാക്കി വിവിധ സോഫ്റ്റ് വെയറുകൾ പ്രവർത്തിപ്പിക്കയും പ്രായോഗികമാക്കുകയും ചെയ്തു വരുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കേന്ദ്ര ബിന്ദു വാക്കുകയും വിപുലമായ ഉപഭോക്തൃ പങ്കാളിത്തത്തോടെ സോഫ്റ്റ് വെയർ തയ്യാറാക്കുകയും, സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി വിന്യസിക്കുകയും, അവയെ ആവശ്യാനുസരണം നവീകരിക്കുകയും ചെയ്യുന്ന രീതിയാണ് ഇൻഫർമേഷൻ കേരള മിഷൻ അവലംബിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന, ക്ഷേമ, ഭരണ, നിർവ്വഹണ രംഗത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്ന വിവിധ തരം സോഫ്റ്റ് വെയറു കളാണ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ളത്. ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തന ഫലമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ പലതും ഇ-ഗവേണൻസിൽ നിന്നും എം ഗവേണൻസിലേക്ക് മാറിക്കഴിഞ്ഞു.

## ഇ ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റവും, പൗരസേവനം കാര്യക്ഷമമുള്ളതാക്കുകയും ചെയ്യുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തരം പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്, പദ്ധതി രൂപീകരണം, അംഗീകാരം, മേൽനോട്ടം, അക്കൗണ്ടിംഗ്, വരുമാനം, ക്രയവിക്രയങ്ങൾ, പ്രവർത്തനം, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, പൊതു സേവനങ്ങൾ തുടങ്ങിയവയാണ് മറ്റ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയ ബന്ധിതമായി സാങ്കേതിക സഹായം ലഭ്യമാക്കുകയും ഇ-ഗവേണൻസ്, എം-ഗവേണൻസ് പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുകയും ചെയ്യുന്നു.
- ബ്രോഡ് ബാന്റ് NOFL (National Optical Fiber Network), KSWAN ( Kerala State Wide Area Net work) ഇവ ഉപയോഗിച്ചു കൊണ്ട് കേരളത്തിലെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിൽ VPN (Virtual Private Net work) വഴി ബന്ധിപ്പിച്ചിരിക്കുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷൻസ്.**

- സേവന (സിവിൽ രജിസ്ട്രേഷൻ) - ജനന മരണ വിവാഹ രജിസ്ട്രേഷൻ www.cr.lsgkerala.gov.in

- വിവാഹ രജിസ്ട്രേഷൻ - ഇ ഫയലിംഗ് www.cr.lsgkerala.gov.in
- സേവന (പെൻഷൻ) - സാമൂഹ്യസുരക്ഷാ പെൻഷനുകൾ www.welfarepension.lsgkerala.gov.in
- സഞ്ചയ റവന്യൂ സിസ്റ്റം www.tax.lsgkerala.gov.in
- സൂചിക – ഫയൽ ട്രാക്കിംഗ്, വർക്ക് ഫ്ലോ www.filetracking.lsgkerala.gov.in
- സങ്കേതം - ബിൽഡിംഗ് പെർമിറ്റ് www.buildingpermit.lsgkerala.gov.in
- ഗ്രാമസഭ പോർട്ടൽ www.gramasabha.lsgkerala.gov.in
- സുലേഖ–പദ്ധതി രൂപീകരണം, അംഗീകാരം www.plan.lsgkerala.gov.in
- സാംഖ്യ – ഡബിൾ എൻട്രി അക്കൗണ്ടിംഗ് www.finance.lsgkerala.gov.in
- സകർമ്മ -യോഗ നടപടികൾ www.meeting.lsgkerala.gov.in
- സ്ഥാപന – ജീവനക്കാര്യം www.lsgkerala.gov.in
- സംവേദിത- ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് www.lsgkerala.gov.in
- സമഗ്ര -മൊബൈൽ ആപ്ലിക്കേഷൻ

## പുതിയ പ്രോജക്ടുകൾ

### ERP Solution

- വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് കൊണ്ടിരിക്കുന്ന ERP (Enterprise Resource Plan) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്,

സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യ ക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ ഡൊമൈൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിച്ചു ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വികസനം പുരോഗമിച്ചു വരുകയാണ്.

## ഗ്രാമസഭാ പോർട്ടൽ

ഗ്രാമസഭാപ്രവർത്തനങ്ങൾ പരമാവധി ജനകീയമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായിട്ടുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷനാണ് ഗ്രാമസഭാ പോർട്ടൽ. ഗ്രാമസഭകളിൽ പങ്കെടുക്കുവാൻ കഴിയാത്ത പ്രവാസികളായ പൗരൻമാർക്കും അവരവരുടെ ഗ്രാമപഞ്ചായത്തുകളിലെ സർവ്വോൻമുഖമായ ഉന്നമനത്തിന് വേണ്ടിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുവാൻ ഉതകുന്ന തരത്തിലുള്ള ഒരു ആപ്ലിക്കേഷനാണ് ഗ്രാമസഭാ പോർട്ടൽ. ഓരോ പൗരനും അവരവരുടെ വാർഡുകളിലെ ഗ്രാമസഭയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ വാർഡ് മെമ്പറെ അറിയിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള അറിയിപ്പുകൾ അറിയുന്നതിനും വേണ്ടിയിട്ടാണ് ഈ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## ഡിജിറ്റൽ പഞ്ചായത്ത് / ഡിജിറ്റൽ മുനിസിപ്പാലിറ്റി.

നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങളും, സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളും ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പൗരസേവനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുന്നോട്ട് വയ്ക്കുന്ന നൂതന ആശയമാണ് ഡിജിറ്റൽ പഞ്ചായത്ത് / ഡിജിറ്റൽ മുനിസിപ്പാലിറ്റി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങളിലും സ്മാർട്ട് പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ട് ജനങ്ങളുടെ വീട്ട് മുറ്റത്ത് സേവനങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. (ഇതു സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്).

പ്രസ്തുത സംവിധാനത്തിലൂടെ പൗരനെപ്പറ്റിയുള്ള, ലഭ്യമായ വിഭവങ്ങൾ, ബാധകമായ സേവനങ്ങൾ, സ്കീമുകൾ എന്നിവയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും അറിയാൻ കഴിയും.

➢ **<u>സ്മാർട്ട് സിസ്റ്റം</u>**

- ISO സർട്ടിഫിക്കേഷനോട് കൂടിയ ഓഫീസുകൾ.
- എസ്.എൽ.എ (സർവ്വീസ് ലവൽ എഗ്രിമെന്റ്) കളോടൊപ്പം ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ സിറ്റിസൺ ചാർട്ട്.
- ഓഫീസ് സമയങ്ങളിൽ പൗരൻമാർക്ക് തടസ്സമില്ലാത്ത സേവനം ലഭ്യമാക്കുക.

➢ **<u>സ്മാർട്ട് ടെക്നോളജി</u>**

- എല്ലാ ആവശ്യങ്ങൾക്കും വേണ്ടിയുള്ള വിവര സംവേദന സാങ്കേതിക വിദ്യ
- കൃത്യമായതും പുതിയതുമായ വിവരങ്ങൾ
- മൊബൈലിലൂടെ സേവനങ്ങൾ ലഭ്യമാകുന്ന തരത്തിൽ സേവനങ്ങൾ പ്രവർത്തനക്ഷമമാക്കുക.

• **<u>സ്മാർട്ട് പീപ്പിൾ</u>**

- ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം
- കാര്യക്ഷമതയുള്ള ജീവനക്കാർ
- കൃത്യവും സുതാര്യവുമായ നടപടി ക്രമങ്ങൾ

ഓൺലൈൻ സേവനങ്ങൾ

സാധാരണക്കാരന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കയറി ഇറങ്ങാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും നികുതി അടക്കുന്നതിനും മറ്റുമുള്ള ഓൺലൈൻ സൗകര്യങ്ങൾ നിലവിലുണ്ട്.

| **Sl No** | **Name of Major Services** | **Status** |
|---|---|---|
| 1 | Property tax assessment | Online |
| 2 | Property Tax e-payment | Online |
| 3 | Ownership Certificate | Online |
| 4 | Birth Reporting through hospital Kiosk | Online |
| 5 | Birth Certificate issual | Online |
| 6 | Birth Certificate Name inclusion | Online |
| 7 | Death Reporting through hospital Kiosk | Online |
| 8 | Death Certificate issual | Online |
| 9 | Marriage registration e-filing | Online |
| 10 | Marriage certificate issual | Online |
| 11 | Occupancy Certificate | Online |
| 12 | Building permit NOC | Online |
| 13 | Building permit application e-filing &e-payment | Online |
| 14 | Building permit issual | Online |
| 15 | Completion certificate | Online |
| 16 | Pension disbursement through DBT | Online |
| 17 | Pension status search | Online |
| 18 | Payment of Plan projects | Online |
| 19 | Immunisation SMS alert | Online |
| 20 | File tracking | Online |
| 21 | Meeting minutes | Online |
| 22 | Plan Formulation | Online |
| 23 | Gramasabha Portal | Online |